പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2716** **27-01-2014-ൽ മറുപടിക്ക്**

## കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഈടാക്കുവാൻ സംവിധാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശിവൻകുട്ടി. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഈടാക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ജല അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കുന്നതിന് താഴെപ്പറയുന്ന സംവിധാനങ്ങൾ നിലവിലുണ്ട്. ജല അതോറിറ്റിയുടെ എല്ലാ റവന്യൂ കളക്ഷൻ സെന്ററുകളിലൂടെയും വെള്ളക്കരം ഒടുക്കുന്നതിനുള്ള സൗകര്യം ഉണ്ട്. കൂടാതെ പോസ്റ്റ് ഓഫീസ്, ബാങ്കുകൾ, ജനസേവന കേന്ദ്രങ്ങൾ, അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഓൺ ലൈൻ മുഖേനയും വെള്ളക്കരം ഒടുക്കാവുന്നതാണ്. |
| (ബി) | ഈ രംഗത്ത് മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ടോ; | (ബി) യും (സി) യും | ഉണ്ട്; സാങ്കേതികവിദ്യയുടെ പുരോഗതിക്കനുസരിച്ച് വരുന്ന മാറ്റങ്ങൾ ഉപഭോക്താവിന്റെ സേവനത്തിനായി ഉപയോഗപ്പെടുത്തുവാൻ കേരള വാട്ടർ അതോറിറ്റി ആലോചിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ ഭാഗമായി സർക്കാർ നിർ ദ്ദേശിക്കുന്ന എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും വാട്ടർ അതോറിറ്റി സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള സംവിധാനത്തിനു പുറമെ ബാങ്ക് അക്കൗണ്ട് ഉള്ള ഉപഭോക്താക്കൾക്ക് അവർ താൽപര്യപ്പെടുന്നുവെങ്കിൽ അവരുടെ അക്കൗണ്ടുകളിൽ നിന്നും വെള്ളക്കരം ഈടാക്കി നൽകുന്നതിനുള്ള റിസർവ് ബാങ്കിന്റെ ഇ.സി.എസ്. സംവിധാനവും കേരള വാട്ടർ അതോറിറ്റിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. |
| (സി) | ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ